വിഷയങ്ങളെപ്പറ്റി പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു റിട്ട. ഹൈക്കോടതി ജഡ്ജി, ഗതാഗത രംഗത്തെ ഒരു വിദഗ്ധൻ, സാമ്പത്തികരംഗത്തെ ഒരു വിദഗ്ധൻ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഫെയർ സ്റ്റേജിലെ അപാകതകൾ സംബന്ധിച്ചുള്ള പരാതികൾ അതാത് റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ് പരിഹരിക്കേണ്ടത്. ഇതുസംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അതാത് ആർ.ടി.എ. കൾ തീർപ്പാക്കുന്നതാണ്.

ഹർത്താൽമൂലം കെ. എസ്. ആർ. ടി. സി. ക്കുണ്ടായ വരുമാനക്കുറവ്

208 (3997) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധനവില വർദ്ധനയിൽ പ്രതിഷേധിച്ച് ജൂൺ 26, ജൂലൈ 5 എന്നീ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ ഹർത്താലുകളെ തുടർന്ന്, കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ എത്ര രൂപയുടെ കുറവുണ്ടായി ;

(ബി) പ്രസ്തുത ദിവസങ്ങളിൽ കോർപ്പറേഷന് സംഭവിച്ച നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഈ ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുകയുണ്ടായോ ; എങ്കിൽ അത് മൊത്തം സർവ്വീസിന്റെ എത്ര ശതമാനം ;

(ഇ) ഹർത്താലനുകൂലികളിൽ നിന്ന് ബസ്സുകൾക്ക് നേരെ എന്തെങ്കിലും അക്രമം ഉണ്ടായോ ; എങ്കിൽ അതു മൂലം ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുൻ ആഴ്ചയിലെ പ്രസ്തുത ദിവസങ്ങളിൽ (തിങ്കളാഴ്ച) ലഭിച്ച ടിക്കറ്റ് വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2010 ജൂൺ 26-ാം തീയതി 2,78,95,708 രൂപയും (രണ്ട് കോടി എഴുപത്തിയെട്ടു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി എട്ടു രൂപ മാത്രം) 2010 ജൂലൈ 5-ാം തീയതി 3,26,07,405 രൂപയും (മൂന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി ഏഴായിരത്തി നാന്നൂറ്റി അഞ്ച് രൂപ മാത്രം) കുറവുണ്ടായതായി കാണുന്നു.

(ബി) 26-6-2010-ൽ ഏകദേശം 1,48,49,576 രൂപയും (ഒരു കോടി നാല്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ് രൂപ മാത്രം) 5-7-2010-ൽ ഏകദേശം 1,92,36,217 രൂപയും (ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഇരുന്നൂറ്റിപതിനേഴ് രൂപ മാത്രം) നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) I 26-6-2010

1. 26-6-2010-ൽ വരുമാനത്തിലുണ്ടായ കുറവ് 2,78,95,708 രൂപ.
2. ഇന്ധന ഉപഭോഗത്തിലുണ്ടായ കുറവ് 1,15,16,277 രൂപ.
3. എംപാനൽ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന വേതനം 15,91,368 രൂപ
4. (2) + (3) ഇനങ്ങളിലായി ചെലവാകാത്ത തുക 1,31,07,645 രൂപ.
5. ബാക്കി - 1,47,88,063 രൂപ.
6. ബസ്സിനുണ്ടായ നാശനഷ്ടങ്ങൾ 61,513 രൂപ
7. ആകെ നഷ്ടം 1,48,49,576 രൂപ.

II 5-7-2010

1. 5-7-2010-ൽ വരുമാനത്തിലുണ്ടായ കുറവ് 3,26,07,405 രൂപ.
2. ഇന്ധന ഉപഭോഗത്തിലെ കുറവ് 1,17,47,822 രൂപ.
3. എംപാനൽ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന വേതനം 16,23,366 രൂപ.
4. (2) + (3) ഇനങ്ങളിലായി ചെലവാകാത്ത തുക 1,33,71,188 രൂപ.
5. ആകെ നഷ്ടം 1,92,36,217 രൂപ.

(ഡി) 26-6-2010-ലും 5-7-2010-ലും രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെയായിരുന്നു ഹർത്താൽ. 26-6-2010-ൽ ഹർത്താൽ സമയത്ത് 52 ഷെഡ്യൂളുകളും, 5-7-2010-ൽ ഹർത്താൽ സമയത്ത് 16 ഷെഡ്യൂളുകളും ഭാഗീകമായി ഓടിക്കുകയുണ്ടായി. പോലീസ് സംരക്ഷണം ലഭ്യമായ മുറയ്ക്കാണ് സർവ്വീസുകൾ അയച്ചുതുടങ്ങിയത്. എന്നാൽ പ്രസ്തുത ദിവസങ്ങളിൽ (24 മണിക്കൂറിനുള്ളിൽ) യഥാക്രമം 986-ഉം 827-ഉം ഷെഡ്യൂളുകൾ ഭാഗീകമായി ഓടിച്ചിട്ടുണ്ട്. ആയത് യഥാക്രമം ആകെ ഷെഡ്യൂളിന്റെ 19.68 ഉം 16.51 ഉം ശതമാനമാണ്.

(ഇ) ആക്രമണം ഉണ്ടായിട്ടുണ്ട്. 26-6-2010-ൽ സുൽത്താൻ ബത്തേരി ഡിപ്പോയിലെ RRE 328-ാം നമ്പർ ബസ്സിന് നേരെ ആക്രമണമുണ്ടായി. സാധനങ്ങളുടെ വിലയും പണിക്കൂലിയും ഉൾപ്പെടെ 11513 രൂപയും, 5 ദിവസം ബസ് ഓടിക്കാൻ കഴിയാതിരുന്നതുമൂലം 50000 രൂപയും ഉൾപ്പെടെ ഇതുമൂലം 61513 രൂപ നഷ്ടമുണ്ടായി.

കുടിശ്ശിക ഇനത്തിൽ കെ. എസ്. ആർ. ടി. സി. ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

209 (3998) ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെഎസ്ആർടിസിക്ക് സർക്കാരിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ; ഏത് വർഷം മുതലുള്ള കുടിശ്ശികയാണ് നിലനിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly